# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2020 ജനുവരി 29, ബുധൻ

**നമ്പർ 202**

നിയമസഭാ ചേംബറിന്റെ പ്രവേശന കവാടത്തിൽ എത്തിയ ഗവർണറെ സ്പീക്കർ, മുഖ്യമന്ത്രി, പാർലമെന്ററികാര്യ വകുപ്പുമന്ത്രി, നിയമസഭാ സെക്രട്ടറി, ചീഫ് സെക്രട്ടറി എന്നിവർ ചേർന്ന് സ്വീകരിച്ച് സ്പീക്കറുടെ വേദിയിലേക്ക് ആനയിച്ചു. (പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ ഗവർണർക്കെതിരെ മുദ്രാവാക്യം വിളിക്കുകയും നടുത്തള ത്തിലിറങ്ങി മാർഗ്ഗതടസ്സം സൃഷ്ടിക്കുകയും ചെയ്തു.) ഗവർണറും സ്പീക്കറും അവരവരുടെ ഇരിപ്പിടങ്ങൾക്ക് മുന്നിലെത്തിയപ്പോൾ ദേശീയ ഗാനം ആലപിക്കപ്പെട്ടു.

9.09 മണിക്ക് നിയമസഭ സമ്മേളിച്ചു.

കടലാസുരഹിത നിയമസഭ എന്ന ലക്ഷ്യത്തിനായുള്ള ഇ-നിയമസഭ പദ്ധതിക്ക് ഗവർണറുടെ പ്രസംഗത്തോടെ തുടക്കം കുറിക്കുന്നതായി സ്പീക്കർ അറിയിച്ചു.

ഇ-നിയമസഭ പദ്ധതിയിലൂടെ പ്രസംഗം നടത്താൻ കഴിഞ്ഞതിലുള്ള സന്തോഷ മറിയിച്ച ഗവർണർ, പദ്ധതി നടപ്പാക്കിയ സ്പീക്കറെയും സാമാജികരെയും ജീവന ക്കാരെയും അഭിനന്ദിച്ച് മലയാളത്തിൽ സംസാരിച്ചു.

തുടർന്ന് ഗവർണർ സഭയെ അഭിസംബോധന ചെയ്ത് പ്രസംഗിച്ചു. (ഗവർണറുടെ പ്രസംഗം ആരംഭിച്ച ഉടനെ പ്രതിപക്ഷം സഭ ബഹിഷ്കരിച്ചു.) പ്രസംഗം കഴിഞ്ഞ് ഗവർണർ ഇരിപ്പിടത്തിന് മുന്നിലെത്തിയപ്പോൾ വീണ്ടും ദേശീയ ഗാനം ആലപിക്കപ്പെട്ടു. ഗവർണറെ യാത്രയാക്കിയ ശേഷം സ്പീക്കറുടെ അദ്ധ്യക്ഷതയിൽ സമ്മേളനം തുടർന്നു. സ്പീക്കറുടെ അറിയിപ്പിനെ തുടർന്ന് ഗവർണറുടെ പ്രസംഗത്തിന്റെ പകർപ്പുകൾ അംഗങ്ങൾക്ക് വിതരണം ചെയ്തു. ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച 2020 ഫെബ്രുവരി 3-ന് ആരംഭിക്കുന്നതാണെന്നും അംഗങ്ങൾക്ക് 2020 ജനുവരി 31-ാം തീയതി വെള്ളിയാഴ്ച ഉച്ചയ്ക്കുശേഷം 3.00 മണിവരെ നന്ദിപ്രമേയത്തിന്റെ ഭേദഗതി കൾക്കുള്ള നോട്ടീസ് സമർപ്പിക്കാവുന്നതാണെന്നും സ്പീക്കർ സഭയെ അറിയിച്ചു.

2020 ജനുവരി 31-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി രാവിലെ 11.16 -ന് സഭ പിരിഞ്ഞു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
*സെക്രട്ടറി.*

KNPP. 140/2020 (i).

FOURTEENTH KERALA LEGISLATIVE ASSEMBLY

**Eighteenth Session**

# BULLETIN— PART I

( Brief Record of Proceedings )

*Wednesday, January 29, 2020*

**No. 202**

The Governor was received at the entrance of the Chamber by the Speaker, the Chief Minister, the Minister for Parliamentary Affairs, the Legislature Secretary and the Chief Secretary and was led to the dais. (The Members belonging to the Opposition raised slogans against the Governor and entered into the well of the House and blocked the way.) When the Governor and the Speaker arrived at their respective positions on the dais, National Anthem was played.

The Assembly met at 9.09 a.m.

The Speaker announced that the E-Niyamasabha Project envisaged to a paperless Assembly would be initiated with the Address of the Governor.

Speaking in Malayalam the Governor expressed his delight for delivering the address through E-Niyamasabha Project and lauded the efforts of the Speaker, Members and Officials for accomplishing the project.

The Governor delivered the Address to the Legislative Assembly. (At the outset of the speech the Members belonging to Opposition boycotted the House.) After the Address, when the Governor took position in front of his seat National Anthem was played again. After departure of the Governor, the House met with Mr. Speaker in the Chair. Copies of Governor's Address were distributed to the Members. The Speaker informed the House that the discussion on the Motion of Thanks to Governor's Address would commence from February 3, 2020 and that those Members who presume to give notice of amendments to the Motion of Thanks may do so before 3.00 pm on Friday January 31, 2020.

The House adjourned at 11.16 a.m. to meet again at 9.00 a.m. on Friday, January 31, 2020.

S. V. UNNIKRISHNAN NAIR,
*Secretary.*

KNPP. 140/2020 (ii).